**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2547</u>** **<u>12-02-2020-ൽ മറുപടിക്ക്</u>**

## <u>വിനോദസഞ്ചാര മേഖലയുടെ വികസനം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ; | (എ) | ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അവയിൽ പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• മലനാട്- മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി<br>• മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• ആലപ്പുഴ ഹെറിറ്റേജ് പദ്ധതി<br>• "ഗ്രീൻ കാർപ്പറ്റ് സ്കീം"<br>• കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി<br>• ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി<br>• ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>• ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്<br>• കോവളത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ആക്കുളം കായലിന്റെ പുനരുജ്ജീവനം<br>• വർക്കലയുടെ സമഗ്ര വികസന പദ്ധതി<br>• വേളിയുടെ സമഗ്ര വികസന പദ്ധതി<br>• വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | • ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി<br>• ലോകോത്തര നിലവാരത്തിലുള്ള ടോയിലറ്റ് സമുച്ചയങ്ങൾ<br>• ചാമ്പ്യൻസ് ബോട്ട് ലീഗ്<br>• ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തവും ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കലും.<br>• FAM ടൂറുകൾ സംഘടിപ്പിക്കൽ.<br>• അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ.<br>• ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്<br>• സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും<br>• ബ്ലോഗ് എക്സ്പ്രസ്സ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ<br>• "Human By Nature" എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ<br>• ഓണാഘോഷം, നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, നിശാഗന്ധി മൺസൂൺ രാഗാസ് മ്യൂസിക് ഫെസ്റ്റിവൽ, ഉത്സവം എന്നീ പരിപാടികളുടെ നടത്തിപ്പ്.<br>• വെള്ളാർ ക്രാഫ്റ്റ് വില്ലേജ്<br>• ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി |
| (ബി) | മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാം ഘട്ടമായി നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ; | (ബി) | മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മതിലകം ബംഗ്ലാകടവ് നിർമ്മാണം, മാള ജൂതപള്ളിയുടെ അറ്റകുറ്റപണികൾ, കൊടുങ്ങല്ലൂർ ടെമ്പിൾ മ്യൂസിയം, പട്ടണം ഇന്റർപ്രട്ടേഷൻ സെന്റർ, സെന്റ് സെബാസ്റ്റ്യൻ ചവിട്ടുനാടക മ്യൂസിയം, ഹോളിക്രോസ് ചർച്ച് ഇന്റർപ്രട്ടേഷൻ സെന്റർ മുതലായവ പുരോഗമിക്കുന്നു.<br>ആകെ 48.3 കോടി രൂപയുടെ പദ്ധതി രണ്ടാം ഘട്ടത്തിൽ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ടൂറിസം മേഖല അംഗപരിമിതർക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ബാരിയർ ഫ്രീ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെല്ലാം തന്നെ 2021 ആകുമ്പോൾ സമ്പൂർണ്ണമായി ഭിന്നശേഷി സൗഹൃദമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കുന്ന ബാരിയർഫ്രീ കേരളയുടെ ഒന്നാംഘട്ടം മാർച്ച് മാസത്തിൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ആദ്യ ഘട്ടത്തിൽ 9 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയത്. ഇതിന്റെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 120 കേന്ദ്രങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ ഇതുവരെ 69 കേന്ദ്രങ്ങളിൽ പ്രവൃത്തികൾ പൂർത്തിയാക്കുകയുണ്ടായി. |
| (ഡി) | തലശേരി പൈതൃകപദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | തലശേരി പൈതൃകപദ്ധതിയുടെ കരട് മാസ്റ്റർ പ്ലാൻ, മാസ്റ്റർ പ്ലാൻ അപ്രൂവൽ കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുകയും ആയതിന് മാറ്റങ്ങൾക്ക് വിധേയമായി തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അന്തിമ മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**